©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2025 സെപ്റ്റംബർ 03
03rd September 2025
1201 ചിങ്ങം 18
18th Chingam 1201
1947 ഭാദ്രം 12
12th Bhadra 1947

നമ്പർ
No.
3158

ഫോറം നം 4

ചട്ടം 11(3) കാണക

വിജ്ഞാപനം

DCPKD/1403/2018-C5 02/09/2025

കേരള സർക്കാരിന്റെ 24/01/2025 തീയ്യതിയിലെ ജി.ഒ.(ആർ ടി)നം.203/2025/ആർ ഡി, 29/05/2025 തിയതിയിലെ സ.ഉ.(സാധാ) നം.1277/2025/RD എന്നീ ഉത്തരവുകൾ പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട് നമ്പർ 30) പ്രകാരം ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് മൂലത്തറ വലതുകര കനാൽ കോരയാർ മുതൽ വരട്ടയാർ വരെ ഒന്നാം ഘട്ടം ദീർഘിപ്പിക്കുന്നതുമായി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ കോഴിപ്പതി , എരുത്തേമ്പതി വില്ലേജുകളിലായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനാലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട് നമ്പർ 30) വകുപ്പ് 4, ഉപവകുപ്പ് 1 ലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാകളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ, ഇപ്പോൾ തന്മൂലം 16-07-2025 തിയതിയിലെ G.O.(Ms)No.217/2025/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ വി.കെ കൺസൽട്ടൻസി സെന്റർ, പഞ്ചായത്ത് ബസാർ, തിക്കോടി, കോഴിക്കോട് എന്ന സ്ഥാപനത്തെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹ്യപ്രത്യാഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ 45 ദിവസത്തിനകം തീർക്കേണ്ടതാണ്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

ജില്ല - പാലക്കാട് താലൂക്ക് - ചിറ്റൂർ വില്ലേജ് - എരുത്തേമ്പതി, കോഴിപ്പതി.

ക്രമ നം	വില്ലേജ്	ബ്ലോക്ക് നമ്പർ	സർവ്വെ നമ്പർ	ഭൂമിയുടെ തരം	വിസ്തീർണ്ണം
1	എരുത്തേമ്പതി	31	344	Nilam	79.248 സെന്റ്
2	എരുത്തേമ്പതി	31	355	Nilam	
3	കോഴിപ്പതി	31	310	Purayidam	
4	കോഴിപ്പതി	31	330	Purayidam	
5	കോഴിപ്പതി	31	332	Purayidam	
6	കോഴിപ്പതി	31	278/5	Purayidam	

ഒപ്പ്/-
ജില്ലാ കളക്ടർ,
പാലക്കാട്

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.)

ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 19/09/2015 ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത ചട്ടത്തിലെ റൂൾ 10 പ്രകാരം സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി സാമൂഹ്യ പ്രത്യാഘാത യൂണിറ്റിനെ നിയമിക്കേണ്ടതുണ്ട്. മൂലത്തറ വലതുകര കനാൽ കോരയാർ മുതൽ വരട്ടയാർ വരെ ഒന്നാം ഘട്ടം ദീർഘിപ്പിക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ കോഴിപ്പതി , എരുത്തേമ്പതി വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുണ്ട്.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.03 03:01:31 +05:30